# ഇഅ്തികാഫ്

ഒരു കാര്യം സ്ഥിരമായി അനുഷ്ഠിക്കുകയും മനസ്സിൽ ധ്യാനിക്കുകയും ചെയ്യുന്നതിനാണ് അറബിയിൽ ഇഅ്തികാഫ് എന്നു പറയുക. അല്ലാഹുവിന്റെ സാമീപ്യം മാത്രമുദ്ദേശിച്ച് അവനെ മാത്രം ധ്യാനിച്ച് പള്ളിയിൽ കഴിഞ്ഞുകൂടുന്നതിനാണ് ഇസ്‌ലാമിന്റെ സാങ്കേതിക ഭാഷയിൽ ഇഅ്തികാഫ് എന്നു പറയുന്നത്. ഇഅ്തികാഫ് സുന്നത്തായ ഒരു കർമമാണ്. നബി(സ) എല്ലാ റമദാൻ കാലത്തും പത്തു ദിവസം ഇഅ്തികാഫ് അനുഷ്ഠിക്കാറുണ്ടായിരുന്നുവെന്നും അദ്ദേഹം മരണമടഞ്ഞ വർഷം ഇരുപത് നാൾ ഇഅ്തികാഫ് അനുഷ്ഠിച്ചുവെന്നും ബുഖാരി, അബൂദാവൂദ്, ഇബ്നു മാജ തുടങ്ങിയവർ നിവേദനം ചെയ്തിട്ടുണ്ട്. പ്രവാചകന്റെ മരണശേഷം അവിടുത്തെ പത്നിമാരും സ്വഹാബിമാരും അത് തുടർന്നു പോന്നിട്ടുണ്ട്. നോമ്പുമായി ബന്ധപ്പെട്ട് വന്ന വിധികളുടെ ഒടുവിൽ ഖുർആനും ഇഅ്തികാഫിനെ പരാമർശിക്കുന്നുണ്ട് (*അൽബഖറ* 187).

കുറച്ചു സമയവും കൂടുതൽ സമയവുമെല്ലാം ഇഅ്തികാഫ് അനുഷ്ഠിക്കാവുന്നതാണ്. ഇഅ്തികാഫ് ഉദ്ദേശിച്ച് പള്ളിയിൽ തങ്ങിയാൽ– സമയം ഏറെട്ടെ, കുറയട്ടെ– അത് സഫലമാവുകയും പള്ളിയിൽ താമസിക്കുന്നതിനനുസരിച്ച് പ്രതിഫലം ലഭിക്കുകയും ചെയ്യും.

റമദാനിലെ അവസാനത്തെ പത്തിൽ ഇഅ്തികാഫ് അനുഷ്ഠിക്കാൻ ഉദ്ദേശിക്കുന്നയാൾ ഇരുപതാം ദിവസം സൂര്യാസ്തമനത്തിനു മുമ്പായി ഇഅ്തികാഫിന്റെ സ്ഥാനത്ത് പ്രവേശിക്കേണ്ടതാണ്. അവസാന ദിവസം സൂര്യാസ്തമനത്തിനു ശേഷം പുറത്തുപോകാവുന്നതുമാണ്. എന്നാൽ പെരുന്നാൾ നമസ്കാരത്തിനു പുറപ്പെടുംവരെ പള്ളിയിൽ തങ്ങലാണ് ഉത്തമമെന്ന് ഒരു വിഭാഗം പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു.

ഇഅ്തികാഫുകാരനു ഏകാന്തതക്കുവേണ്ടിയും സൗകര്യമുദ്ദേശിച്ചും പള്ളിയിൽ തമ്പ് തീർക്കാവുന്നതാണ്. നബി(സ) അപ്രകാരം ചെയ്തിരുന്നതായി തെളിവുണ്ട്. എന്നാൽ മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന രൂപത്തിലാവാതിരിക്കാൻ ശ്രദ്ധിക്കണം.

ഇഅ്തികാഫ് ഇരിക്കുന്നവർ സുന്നത്തായ ഇബാദത്തുകൾ വർധിപ്പിക്കണം. ഖുർആൻ പാരായണം, ഹംദ്, സ്വലാത്ത്, ദിക്റുകൾ, ദുആ, തക്ബീർ, തഹ്ലീൽ, തൗബ, പാപമോചന പ്രാർഥന തുടങ്ങി മനുഷ്യനെ അല്ലാഹുവുമായി അടുപ്പിക്കുന്ന എല്ലാ കർമങ്ങളും അയാൾ വർധിപ്പിക്കേണ്ടതാണ്. അനാവശ്യമായ സംസാരങ്ങളും ചർച്ചകളും ശണ്ഠകളും ഒഴിവാക്കണം.

അഞ്ചു നേരത്തെ നമസ്കാരവും ജമാഅത്തും നടക്കുന്ന എല്ലാ പള്ളികളിലും ഇഅ്തികാഫ് സാധുവാകുമെന്നാണ് അബൂഹനീഫ, അഹ്മദ്, ഇസ്ഹാഖ്, അബൂസൗർ എന്നിവരുടെ വീക്ഷണം. ഏതു പള്ളിയിലും ഇഅ്തികാഫ് സാധുവാകുമെന്ന അഭിപ്രായമാണ് മാലിക്, ശാഫിഈ, ദാവൂദ് തുടങ്ങിയവർ പ്രകടിപ്പിച്ചിട്ടുള്ളത്.

സഈദുബ്നുൽ മൻസൂർ നിവേദനം ചെയ്യുന്നു: അലിയ്യുബ്നു അബീത്വാലിബ് (റ) പറഞ്ഞു: "ഒരുവൻ ഇഅ്തികാഫ് അനുഷ്ഠിക്കുകയാണെങ്കിൽ ജുമുഅയിൽ പങ്കെടുത്തുകൊള്ളട്ടെ, മയ്യിത്ത് സംസ്കരണത്തിലും പങ്കുകൊള്ളട്ടെ, രോഗിയെ സന്ദർശിക്കുകയും ചെയ്യട്ടെ, തന്റെ ആവശ്യങ്ങൾ പറയേണ്ടതിനു വീട്ടുകാരുടെ അടുത്ത് പോവുകയും ചെയ്തുകൊള്ളട്ടെ." അന്ന പാനീയങ്ങൾ പള്ളിയിൽ എത്തിച്ചുകൊടുക്കാൻ ആളില്ലാത്തവർക്ക് അതിനായി പുറത്തു പോകാവുന്നതാണ് എന്ന് ഇബ്നുൽ മുൻദിർ പ്രസ്താവിക്കുന്നുണ്ട്. എന്നാൽ ആവശ്യമില്ലാതെ മനഃപൂർവം പള്ളിയിൽനിന്ന് പുറത്തുപോവുക മൂലം, അത് എത്ര കുറഞ്ഞ സമയമായാലും ശരി ഇഅ്തികാഫ് അവസാനിക്കുന്നതാണ്. ■